**കേരള വനം വകുപ്പ്**

**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഭരണത്തിന്റെ നടപടി ഉത്തരവ്**

**ഹാജർ: ഡോ. പ്രമോദ് ജി. കൃഷ്ണൻ ഐ.എഫ്.എസ്.**

വിഷയം:- കേരള വനം വകുപ്പ് - ശബരിമല മണ്ഡല പൂജ - മകരവിളക്ക് മഹോത്സവം 2025-26- ശബരിമല സന്നിധാനത്തും പമ്പയിലും കണ്ട്രോൾ റൂം സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയത് - Annexure -ൽ ഭാഗിക ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന:-

1. ഈ ഓഫീസിലെ 10-11-2025-ലെ KFDHQ/9598/2025-ADMIN/D2 നമ്പർ നടപടി ഉത്തരവ്.
2. റാണി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ 14.11.2025-ലെ S-783/2025 നമ്പർ കത്ത്.
3. പത്തനംതിട്ട സോഷ്യൽ ഫോറസ്റ്ററി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12.11.2025-ലെ KFDDO/61214/2024/-DFOSFPTA/E1 നമ്പർ കത്ത്.
4. കോതമംഗലം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ11.11.2025-ലെ കത്ത്.

**ഉത്തരവ് നമ്പർ : KFDHQ/9598/2025-ADMIN/D2, തീയതി:17-11-2025**

2025-2026 വർഷത്തെ ശബരിമല മണ്ഡല പൂജ - മകരവിളക്ക് മഹോത്സവവുമായി ബന്ധപെട്ട് ശബരിമല സന്നിധാനത്തും പമ്പയിലും കണ്ട്രോൾ റൂം സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയും ഉദ്യോഗസ്ഥർക്ക് ചുമതലകൾ നൽകിയും സൂചന (1) പ്രകാരം ഉത്തരവായിരുന്നു. സൂചന (2) മുതൽ സൂചന (4) വരെയുള്ള അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള വിവിധ ഉദ്യോഗസ്ഥർക്ക് തിരഞ്ഞെടുപ്പ് ചുമതലകളും മറ്റ് ഔദ്യോഗിക ചുമതലകളും നൽകിയതായി കാണുന്നു. അതിനാൽ സൂചന (1) ഉത്തരവിൽ ക്രമീകരിച്ചിട്ടുള്ള ഡ്യൂട്ടി പുനഃക്രമീകരിച്ചുകൊണ്ട് annexure-ൽ ഭാഗിക ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

പകർപ്പ്

1. ബഹു വനം മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്(കവറിങ് ലെറ്റർ സഹിതം) നൽകുന്നു.
2. പ്രിൻസിപ്പൽ സെക്രട്ടറി വനം വന്യജീവി വകുപ്പ് അറിവിനായി നൽകുന്നു
3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് കേരള- അറിവിനായി നൽകുന്നു.
4. ചീഫ് വൈൽഡ് ലൈഫ് വാർഡന് കേരളക്ക് അറിവിനായി നൽകുന്നു
5. എല്ലാ അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവിനായി നൽകുന്നു.

6. ഫീൽഡ് ഡയറക്ടർ പ്രൊജക്ട് ടൈഗർ കോട്ടയം -അറിവിനും തുടർനടപടിക്കുമായി നൽകുന്നു.
7. എല്ലാ സർക്കിൾ കൺസർവേറ്റർമാർക്കും -അറിവിനും തുടർനടപടിക്കുമായി നൽകുന്നു.
8. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും, വർക്കിംഗ് പ്ലാൻ ഓഫീസർമാർക്കും -അറിവിനും തുടർനടപടിക്കുമായി നൽകുന്നു.
9. സ്റ്റോക്ക് ഫയൽ

**അനുബന്ധം - 1**

**ശബരിമല ഡ്യൂട്ടി -2025-2026**

**ഉത്തരവ് നമ്പർ KFDHQ/9598/2025-ADMIN/D2, തീയതി: 17-11-2025**

| സേവന കാലം | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | ബീറ്റ് ഫോറസ്റ്റ് ഓഫീസർ |
|---|---|---|---|---|---|
| | | പമ്പ | സന്നിധാനം | | |
| 15-11-2025 മുതൽ 20-11-2025 | സുഭാഷ് കെ. ബി. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്റ്ററി, കോട്ടയം | രാജേഷ് സി. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ വർക്കിംഗ് പ്ലാൻ അച്ചൻകോവിൽ | സുധീർ സി. കെ. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, കുളത്തുപ്പുഴ സെൻട്രൽ നഴ്സറി | ആലപ്പുഴ സോഷ്യൽ ഫോറസ്റ്ററി ഡിവിഷനിൽ നിന്നും 2 പേർ | സൗത്ത് വയനാട് ഡിവിഷൻ - 1 പേർ നോർത്ത് വയനാട് ഡിവിഷൻ -1 പേർ പാലക്കാട് ഡിവിഷൻ - 2 പേർ തൃശ്ശൂർ ഡിവിഷൻ - 2 പേർ നിലമ്പൂർ നോർത്ത് ഡിവിഷൻ - 2 പേർ നിലമ്പൂർ സൗത്ത് ഡിവിഷൻ - - 2 പേർ കോതമംഗലം ഡിവിഷൻ - 2 പേർ |
| 21-11-2025 മുതൽ 27-11-2025 | ജയചന്ദ്രൻ നായർ ബി. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ & TA to CCF (HRC), കോട്ടയം | സന്തോഷ് കുമാർ ജി., റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സോഷ്യൽ ഫോറസ്ട്രി റെയിഞ്ച്, ആറ്റിങ്ങൽ | രാജശേഖരൻ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ SFTI വാളയാർ | പുനലൂർ ഡിവിഷനിൽ നിന്നും 2 പേർ | |
| 28-11-2025 മുതൽ 04-12-2025 | അഭിലാഷ്. ജി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ വർക്കിംഗ് പ്ലാൻ അച്ചൻകോവിൽ | പ്രകാശ് എൽ. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, SFTI. അരിപ്പ | ജയൻ കെ. എസ്., റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ വർക്കിംഗ് പ്ലാൻ ഓഫീസ് അച്ചൻകോവിൽ | അച്ചൻകോവിൽ ഡിവിഷനിൽ നിന്നും 2 പേർ | |
| 05-12-2025 മുതൽ 11-12-2025 | രാകേഷ്. കെ. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (SA&NO), വനം ആസ്ഥാനം | സുനിൽ പി. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, മാനന്തവാടി സോഷ്യൽ ഫോറസ്ട്രി, വയനാട് | അരവിന്ദ് ബാലകൃഷ്ണൻ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സോഷ്യൽ ഫോറെസ്റ്ററി നെയ്യാറ്റിൻകര , | കൊല്ലം സോഷ്യൽ ഫോറസ്റ്ററി ഡിവിഷനിൽ നിന്നും 2 പേർ | |
| 12-12-2025 മുതൽ 18-12-2025 | അജയഘോഷ് എൻ. കെ. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (T&E) സോഷ്യൽ ഫോറസ്ട്രി വിഭാഗം, വനം ആസ്ഥാനം | രാജേഷ് എസ്. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ വർക്കിംഗ് പ്ലാൻ റെയിഞ്ച്-I പുനലൂർ | ഷിജു എൻ. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഫ്ലൈയിങ് സ്ക്വാഡ് റെയിഞ്ച്, റാന്നി | കോട്ടയം സോഷ്യൽ ഫോറസ്റ്ററി ഡിവിഷനിൽ നിന്നും 2 പേർ | |
| 19-12-2025 മുതൽ 25-12-2025 | രാജീവൻ എം. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കണ്ണൂർ | സജീഷ് വി. എസ്. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ലയ്സൺ ഓഫീസ് എറണാകുളം | അജിത് എസ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, FMIS, വനം ആസ്ഥാനം, തിരുവനന്തപുരം | ആലപ്പുഴ സോഷ്യൽ ഫോറസ്റ്ററി ഡിവിഷനിൽ നിന്നും 2 പേർ | |

| | | | | | |
|---|---|---|---|---|---|
| | | | | | മലയാറ്റൂർ ഡിവിഷൻ - - 2 പേർ<br>ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷൻ - 2 പേർ- |
| 26-12-2025 മുതൽ 01-01-2026 | ഉദയസൂര്യൻ വി. ബി. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്റ്റി ഡിവിഷൻ കാസർഗോഡ് | മനു എം. എസ്. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഫ്ലയിങ് സ്ക്വാഡ് കോതമംഗലം | രതീഷ് റ്റി. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ(FIC) തിരുവനന്തപുരം | പത്തനംതിട്ട സോഷ്യൽ ഫോറസ്റ്ററി ഡിവിഷനിൽ നിന്നും 2 പേർ | |
| 02-01-2026 മുതൽ 08-01-2026 | മണി എസ്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഫ്ലയിങ് സ്ക്വാഡ് ഡിവിഷൻ കോതമംഗലം | അനൂപ് സ്റ്റീഫൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സോഷ്യൽ ഫോറെസ്റ്ററി എറണാകുളം | രാമചന്ദ്രൻ എ കെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, പുനലൂർ സോഷ്യൽ ഫോറസ്റ്ററി റെയിഞ്ച് | കോട്ടയം ഡിവിഷനിൽ നിന്നും 2 പേർ | |
| 09-01-2026 മുതൽ 15-01-2026 | വിനോദ് കുമാർ എം. ജി. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഫ്ലയിങ് സ്ക്വാഡ് ഡിവിഷൻ ഇടുക്കി | രാജേഷ് പി കെ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സോഷ്യൽ ഫോറസ്റ്ററി റെയിഞ്ച്, ആലപ്പുഴ | വിഷ്ണു രാജ്. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ മലപ്പുറം സോഷ്യൽ ഫോറസ്റ്റി റേഞ്ച് | തെന്മല ഡിവിഷനിൽ നിന്നും 2 പേർ | |
| 16-01-2026 മുതൽ 22-01-2026 | സുർജിത്ത് എം. കെ. അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ FRSC തൃശ്ശൂർ | അജിത് കുമാർ ആർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, വർക്കിംഗ് പ്ലാൻ, കൊല്ലം. | പ്രകാശ് എൽ. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, SFTI. അരിപ്പ | കോട്ടയം സോഷ്യൽ ഫോറസ്റ്ററി ഡിവിഷനിൽ നിന്നും 2 പേർ | |

**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**

**(ഭരണം)**

**കേരള വനം വകുപ്പ്**

**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം)റുടെ നടപടി ഉത്തരവ്**

**ഹാജർ: ഡോ. പ്രമോദ് ജി. കൃഷ്ണൻ ഐ എഫ് എസ്**

വിഷയം: കേരള വനം വകുപ്പ്-ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവം, 2025-26 ശബരിമല സന്നിധാനത്തും പമ്പയിലും കൺട്രോൾ റൂം സ്ഥാപിക്കാനുള്ള അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്-സംബന്ധിച്ച്

സൂചന:

**ഉത്തരവ് നമ്പർ KFDHQ/9598/2025-ADMIN/D2, തീയതി 10-11-2025**

2025-26 ശബരിമല മണ്ഡലപൂജ-മകരവിളക്ക് ഉത്സവകാലത്ത് വനംവകുപ്പിന്റെ ഭാഗത്തുനിന്നും ആവശ്യമുള്ള സേവനങ്ങൾക്കും ക്രമീകരണങ്ങൾക്കും മേൽനോട്ടം വഹിക്കുന്നതിനായി സംസ്ഥാനതലത്തിൽ ഒരു കോ-ഓർഡിനേറ്ററെ നിയമിക്കേണ്ടതുണ്ട്. കൂടാതെ ശബരിമല സന്നിധാനത്തും പമ്പയിലും ഫോറസ്റ്റ് കൺട്രോൾ റൂമുകൾ സ്ഥാപിക്കേണ്ടതുണ്ട്.

ഉത്സവകാലത്ത് സന്നിധാനത്തും പമ്പയിലും പ്രവർത്തിക്കുന്ന ദേവസ്വം, പോലീസ്, ആരോഗ്യം, ജലവിഭവം, ഭക്ഷ്യപൊതുവിതരണം, ഫയർ & റെസ്ക്യൂ എന്നിങ്ങനെയുള്ള വിവിധ വകുപ്പുകളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനും വനം-വന്യജീവി പരിപാലന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമാണ് ഫോറസ്റ്റ് കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നത്. കൺട്രോൾ റൂമുകളുടെ കർത്തവ്യങ്ങൾ പ്രധാനമായും ചുവടെ ചേർക്കുന്നു.

1. വനപാതകളിൽ തീർത്ഥാടകരുടെ ജീവനും, ഗതാഗതത്തിനും ഭീഷണിയാകാവുന്ന ഉണങ്ങിയ മരങ്ങളും അപകടാവസ്ഥയിലുള്ള വൃക്ഷ ശിഖരങ്ങളും യഥാസമയം നീക്കം ചെയ്യുക.
2. കാനനപാതകൾവഴിയുള്ള തീർത്ഥാടകയാത്ര സർക്കാർ തലത്തിൽ അനുവദിക്കപ്പെടുന്ന സാഹചര്യത്തിൽ, പോലീസ് വകുപ്പുമായി ചേർന്ന്, കാനനപാതയിൽ രാത്രിയിൽ ഉളള യാത്ര ഒഴിവാക്കാനും വന്യമൃഗങ്ങളുമായുള്ള ഇടപെടൽ കുറയ്ക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.
3. നിരോധിക്കപ്പെട്ടിട്ടുള്ള പ്ലാസ്റ്റിക് കവറുകളും കുപ്പികളും വനപ്രദേശത്തേയ്ക്ക് കൊണ്ടുപോകുന്നതും പ്ലാസ്റ്റിക് മാലിന്യങ്ങൾ വനത്തിനുള്ളിൽ ഉപേക്ഷിക്കുന്നതും തടയുക; ഉപേക്ഷിക്കപ്പെട്ട പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ യഥാസമയം നീക്കം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുക.
4. വനാതിർത്തിക്കുള്ളിൽ വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഇ.ഡി.സി. കളുടെ ഭക്ഷണശാലകളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരവും, ന്യായവിലയും ഉറപ്പുവരുത്തുക.
5. തിരുവാഭരണ ഘോഷയാത്ര കടന്നുപോകുന്ന കാനന പാതയിലെ പരമ്പരാഗത സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുക.
6. ശബരിമല വനത്തിനുള്ളിലും പരിസരത്തും/ വനമേഖലയിൽ ഭക്ഷണം പാകം ചെയ്യുന്നതിനും മറ്റുമായി തീ കൂട്ടുന്നതും, മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങളും തടയുക.

7. കാർഡിയോളജി സെന്റർ പ്രവർത്തിക്കുന്നതിന് ഉപയോഗിക്കുന്ന വനം കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനും മേൽനോട്ടം വഹിക്കുക.
8. വനത്തിനുള്ളിൽ അവശ്യം സ്ഥലങ്ങളിൽ താൽക്കാലിക ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുക.
9. പമ്പ-സന്നിധാനം, എരുമേലി-പമ്പ, ഉപ്പുപാറ-പാണ്ടിത്താവളം എന്നീ കാനന പാതകളിലെയും ശബരിമല വനങ്ങളുടെയും, ശബരിമല ഉത്സവ മേഖലയിൽ വരുന്നതും റാന്നി, കോട്ടയം ഡിവിഷനുകളിലും പെരിയാർ ടൈഗർ റിസർവ്വിലും ഉൾപ്പെടുന്ന വനഭാഗങ്ങളുടെയും സംരക്ഷണ പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുക.
10. അഗ്നിബാധയോ, അപകടങ്ങളോ ഉണ്ടാകുന്നപക്ഷം സ്ഥലത്ത് ലഭ്യമാകുന്ന ഇ.ഡി.സി/ വി.എസ്.എസ്. പ്രവർത്തകരെയും സ്റ്റാഫിനെയും ഏകോപിപ്പിച്ച് പ്രതിരോധ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
11. വനത്തിൽ നിന്നും കഴകൾ വിറക് മുള, ഈറ്റ, ചെറുകിട വനവിഭവങ്ങൾ എന്നിവ അനധികൃതമായി ശേഖരിക്കുന്നതും, വനത്തിനുള്ളിൽ വ്യാജവാറ്റ് നടത്തുന്നതും, കാനനപാതകളിലെ കടകളുടെയും ഭക്ഷണശാലകളുടെയും ഖരമാലിന്യങ്ങൾ ഉപേക്ഷിക്കുന്നതും തടയുക.
12. തീർത്ഥാടകർക്ക് വനം-വന്യജീവി പരിപാലനത്തിന്റെ മഹത്വം ബോധ്യമാകുന്ന തരത്തിലുള്ള ഏറ്റവും നല്ല സേവനം നൽകുക.
13. അനുബന്ധം 1-ൽ പറയുന്ന ഡിവിഷനുകളിൽ നിന്നും ശബരിമല ഉത്സവകാലത്ത് ഉത്സവമേഖലയിൽ ജോലിക്ക് നിയോഗിച്ചിട്ടുള്ള വനം വകുപ്പ ജീവനക്കാരുടെ കൃത്യനിർവ്വഹണത്തിൽ മേൽനോട്ടം വഹിക്കുക.
14. ഫീൽഡ് ഡയറക്ടർ (പെരിയാർ റിസർവ്വ്), കോട്ടയം; ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ) കൊല്ലം; ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ) കോട്ടയം, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി / കോട്ടയം: ഡെപ്യൂട്ടി ഡയറക്ടർ (പെരിയാർ ടൈഗർ റിസർവ്വ്) ഈസ്റ്റ് / വെസ്റ്റ് എന്നിവരുമായി കൃത്യമായ ആശയ വിനിമയം നടത്തുക.
15. ശബരിമല തീർത്ഥാടന മേൽനോട്ടത്തിനായി വനം വകുപ്പ് നിയോഗിക്കുന്ന സ്റ്റേറ്റ് കോ-ഓർഡിനേറ്റർ നല്കുന്ന നിർദ്ദേശങ്ങൾ പാലിക്കുക.
16. തീർത്ഥാടക നിയന്ത്രണത്തിനും വനം-വന്യജീവി സംരക്ഷണത്തിനും വേണ്ടുന്ന പ്രവർത്തനങ്ങളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് അധികൃതരുമായുള്ള ഏകോപനം നിർവ്വഹിക്കുക.
17. ശബരിമലയിലും സന്നിധാനത്തും ചുറ്റുമുള്ള വനമേഖലകളിലും ഈ ഉത്തരവ് പ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ അവർക്ക് അനുവദിച്ചിട്ടുള്ള മേഖലകളിൽ / നോഡൽ ഓഫീസർ നിർദേശിക്കുന്ന സ്ഥലങ്ങളിൽ മാത്രമേ പ്രവർത്തിക്കാൻ പാടുള്ളു. Real-time monitoring സംവിധാനം മുഖേന ഈ പ്രദേശങ്ങൾ നിരീക്ഷിക്കുന്നതാണ്.
18. മറ്റു ഡിവിഷനുകളിൽ നിന്നും ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, ഫോറസ്റ്റ് ബീറ്റ് അസ്സിസ്റ്റന്റുമാർ എന്നിവരെ അനുബന്ധം-1 ൽ പറയുന്ന സേവനകാലയളവ് പ്രകാരം നിയമിക്കേണ്ടതാണ്.

19. അനുബന്ധം-1 കൂടാതെ ചുവടെ പറയുന്ന ഡിവിഷനുകളിൽ നിന്നും റൊട്ടേഷൻ അനുസരിച്ച് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ ശബരിമല ഡ്യൂട്ടിക്കായി പ്രസ്തുത കാലയളവിലേക്ക് നിയോഗിക്കേണ്ടതും ഇവർ പീരുമേട് പെരിയാർ ടൈഗർ റിസർവ് (വെസ്റ്റ് ഡിവിഷൻ) ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഹാജരാകേണ്ടതുമാണ്.

| ക്രമ നമ്പർ | ഡിവിഷൻ | ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ എണ്ണം |
|---|---|---|
| 1 | പുനലൂർ ഡിവിഷൻ | 2 പേർ വീതം |
| 2 | തെന്മല ഡിവിഷൻ | 2 പേർ വീതം |
| 3 | അച്ചൻകോവിൽ ഡിവിഷൻ | 2 പേർ വീതം |
| 4 | കോന്നി ഡിവിഷൻ | 2 പേർ വീതം |
| 5 | റാന്നി ഡിവിഷൻ | 2 പേർ വീതം |
| 6 | മൂന്നാർ ഡിവിഷൻ | 2 പേർ വീതം |
| 7 | ഇടുക്കി ഫ്ലയിങ് സ്ക്വാഡ് ഡിവിഷൻ | 2 പേർ വീതം |
| 8 | ശെന്തുരുണി വൈൽഡ്‌ലൈഫ് ഡിവിഷൻ | 2 പേർ വീതം |
| 9 | മൂന്നാർ വൈൽഡ്‌ലൈഫ് ഡിവിഷൻ | 2 പേർ വീതം |
| 10 | പെരിയാർ ടൈഗർ റിസേർവ് (ഈസ്റ്റ്) ഡിവിഷൻ തേക്കടി | 2 പേർ വീതം |

മേൽപ്പറഞ്ഞ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനായി വനം വകുപ്പിന്റെ കൺട്രോൾ റൂമുകൾ 15-11-2025 മുതൽ സംസ്ഥാനതല ഓർഡിനേറ്ററുടെ മേൽ നോട്ടത്തിൽ ചുവടെ ചേർക്കുന്ന ക്രമത്തിൽ പ്രവർത്തിക്കുന്നതാണ്.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം 2025-26 വർഷത്തെ ശബരിമല ഉത്സവകാലത്ത് വനം വകുപ്പിന്റെ സംസ്ഥാനതല കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നതാണ്. യഥാസമയം കൺട്രോൾ റൂം പ്രവർത്തനം തുടങ്ങുന്നതിനായി വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ നിയമനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ മേൽനോട്ടം വഹിക്കുക, മാർഗ്ഗനിർദ്ദേശം നൽകുക, അടിയന്തിര സാഹചര്യങ്ങളിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുക മുതലായവ സംസ്ഥാനതല കോ-ഓർഡിനേറ്ററുടെ ചുമതലയാണ്.

ഒരു അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിലായിരിക്കും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുക. ഒരു കൺട്രോൾ-റൂം ചെറിയനാവട്ടത്തും രണ്ടാമത്തേത് സന്നിധാനത്തിലുമായിരിക്കും പ്രവർത്തിക്കുക. കൺട്രോൾ റൂമിന്റെ നടത്തിപ്പ് ചുമതല റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കായിരിക്കും. ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെയും എട്ട് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെയും സേവനം ഓരോ കൺട്രോൾ റൂമിലും ഉണ്ടായിരിക്കും. ഇതിനാവശ്യമായ ക്രമത്തിൽ ഇതോടൊപ്പം അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്ന ഉദ്യോഗസ്ഥരെ ലഭ്യമാക്കുന്നതാണ്.

ഉത്സവ ഡ്യൂട്ടിക്കായി, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെയും, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെയും നിയോഗിക്കുമ്പോൾ ടി ഡ്യൂട്ടിയ്ക്ക് അനുയോജ്യരായവരെയാണ് നിയോഗിച്ചിട്ടുള്ളത് എന്നുള്ള കാര്യം ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

കൺട്രോൾ റൂമിന്റെ ചുമതലയുള്ള അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററും നടത്തിപ്പ് ചുമതലയുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും, ഡെപ്യൂട്ടി ഡയറക്ടർ പെരിയാർ വെസ്റ്റുമായി കൂടിയാലോചന നടത്തി പ്രവർത്തിക്കേണ്ടതാണ്. ഉത്സവ കാലത്ത് ഡ്യൂട്ടിയ്ക്കായി വിവിധ സ്ഥലങ്ങളിൽ നിന്നും നിയമിച്ചിട്ടുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരേയും പമ്പ റെയിഞ്ച് ഫോറസ്റ്റ് ഓഫീസരേയും, വിവിധ സ്ഥലങ്ങളിൽ ഡ്യൂട്ടിക്കായി വിന്യസിച്ച് വിവരം കൺട്രോൾ റൂമിന്റെ ചുമതലയുള്ള അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, നടത്തിപ്പ് ചുമതലയുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ, ഡെപ്യൂട്ടി ഡയറക്ടർ പെരിയാർ വെസ്റ്റ്, ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), കോട്ടയം എന്നിവരെ യഥാസമയം അറിയിക്കേണ്ടതുമാണ്.

പെരിയാർ ടൈഗർ റിസർവ്വ് ഈസ്റ്റ് ഡിവിഷൻ, തേക്കടിയിൽ നിന്നും മൂന്നാർ വൈൽഡ്‌ലൈഫ് ഡിവിഷനിൽ നിന്നും ഓരോ വാഹനം വീതം ചെറിയനാവട്ടത്തെ കൺട്രോൾ റൂമിലേക്ക് 15.11.2025 മുതൽ 20.01.2026 വരെ ഡ്രൈവർ സഹിതം നൽകേണ്ടതാണ്. ഒരു കംപ്യൂട്ടർ, പ്രിന്റർ, ഫാക്സ്, ഇന്റർനെറ്റ് കണക്റ്റിവിറ്റിയുള്ള ടെലിഫോൺ കണക്ഷൻ എന്നിവയും ഓഫീസ് സ്റ്റേഷനറിയും ഓരോ കൺട്രോൾ റൂമിലും ലഭ്യമാക്കേണ്ടതാണ്.

കൺട്രോൾ റൂമിന്റെ ചുമതലയുള്ള അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും സ്റ്റാഫും അവർക്ക് നൽകിയിട്ടുള്ള ഔദ്യോഗിക മൊബൈൽ ഫോൺ നിർബ്ബന്ധമായും ഉപയോഗിക്കേണ്ടതാണ്. ശബരിമല സ്പെഷ്യൽ ഡ്യൂട്ടിക്ക നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ചട്ടപ്രകാരമുള്ള യാത്രാ/ ദിനബത്തകൾക്ക് അർഹതയുണ്ടായിരിക്കും.

മുൻകൂർ യാത്രാബത്ത ആവശ്യമുള്ളവർക്ക് അത് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൺട്രോൾ റൂമുകളിലേക്ക് കംപ്യൂട്ടറുകളും, പ്രിന്ററുകളും, ടെലിഫോൺ, ഇന്റർനെറ്റ് കണക്ടിവിറ്റി എന്നിവ ലഭ്യമാക്കുന്നതിനും വാഹനങ്ങൾ ഓടിക്കുന്നതിനുമുള്ള ചെലവും, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർ ഔദ്യോഗിക ആവശ്യത്തിലേക്കായി ഔദ്യാഗിക ഫോണിൽ നിന്നും വനം വകുപ്പിന്റേതല്ലാത്ത ഫോൺ നമ്പരുകളിലേയ്ക്കു വിളിക്കുന്നതിനുള്ള ചെലവും (ആവശ്യമുള്ളപക്ഷം) പെരിയാർ ഫൗണ്ടേഷൻ നൽകേണ്ടതാണ്.

പമ്പയിലെ കൺട്രോൾ റൂം ചെറിയനാവട്ടത്തെ വനം വകുപ്പ് കെട്ടിടത്തിൽ പ്രവർത്തിക്കുന്നതാണ്. കൺട്രോൾ റൂമുകളുടെ ചുമതലയുള്ള അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ് ഇവിടത്തന്നെ പ്രവർത്തിക്കും. സന്നിധാനത്തെ കൺട്രോൾ റൂം പുതിയ ഫോറസ്റ്റ് IB- യിൽ പ്രവർത്തിക്കും. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, പമ്പയിലെ കൺട്രോൾ റൂമിന്റെ ചുമതലയുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്കുള്ള താമസസൗകര്യം NEC-യിലെ രണ്ട് റൂമുകളിലായിരിക്കും. അതോടൊപ്പം എലിഫന്റ് സ്ക്വാഡിന്റെ പ്രവർത്തനവുമായി IB-യിൽ താമസസൗകര്യം ബന്ധപ്പെട്ട ഫോറസ്റ്റ് വെറ്ററിനറി ഓഫീസർക്ക് നൽകുന്നതാണ്. പമ്പ കൺട്രോൾ റൂം സ്റ്റാഫുകളുടെ താമസം വൈൽഡ്‌ലൈഫ് NEC-യിൽ ആയിരിക്കും. പമ്പ കൺട്രോൾ റൂം ഉദ്യോഗസ്ഥർക്ക് പ്രത്യേക മെസ്സ് NEC-യിൽ പ്രവർത്തിക്കും. സന്നിധാനം കൺട്രോൾ റൂം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് താമസസൗകര്യം പുതിയ IB യിൽ ആയിരിക്കും. മറ്റു സ്റ്റാഫുകളുടെ താമസം അവിടെത്തന്നെയുള്ള ബാരക്കിലായിരിക്കും. പുതിയ ഐബിയിൽ കൺട്രോൾ റൂം ഉദ്യോഗസ്ഥർക്കായി മെസ്സ് പ്രവർത്തിപ്പിക്കേണ്ടതാണ്. താമസം, മെസ്സ് എന്നിവയുടെ ചുമതല EDC-കൾക്കായിരിക്കും. ഇതിനുള്ള ചെലവ് പെരിയാർ ഫൗണ്ടേഷനിൽ നിന്നും വഹിക്കേണ്ടതാണ്. കൺട്രോൾ റൂമുകളിൽ

ഓഫീസിന്റെ പേരും കൺട്രോൾ റൂം മേധാവികളുടെ ഫോൺ നമ്പരുകളും, വനം വകുപ്പും EDC-കളും നല്കുന്ന സേവനങ്ങളുടെ വിവരങ്ങളും, ഭക്ഷണ സാധനങ്ങളുടെ വില വ്യക്തമാക്കുന്ന ബോർഡുകളും പ്രദർശിപ്പിക്കേണ്ടതാണ്. ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനും ബോർഡുകൾ സ്ഥാപിക്കുന്നതിനുമുള്ള ചെലവുകൾ പെരിയാർ വെസ്റ്റ് EDC കോൺഫെഡറേഷൻ നിർവ്വഹിക്കേണ്ടതാണ്.

അതാത് ദിവസത്തെ പ്രധാന സംഭവങ്ങൾ കൺട്രോൾ റൂം മേധാവികൾ സ്റ്റേറ്റ് കോ-ഓർഡിനേറ്റർക്ക് ഇ-മെയിൽ മുഖേന റിപ്പോർട്ട് ചെയ്യേണ്ടതാണ്. സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ഇക്കാര്യങ്ങളിൽ ആവശ്യം വേണ്ട മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

Signed by
Pramod G Krishnan
Date: 10-11-2025 11:27:23
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

പകർപ്പ്
1 ബഹു. കേരള മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് (കവറിങ് ലെറ്റർ സഹിതം) നൽകുന്നു.
2 ബഹു. വനംവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് (കവറിങ് ലെറ്റർ സഹിതം) നൽകുന്നു.
3 പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ് അറിവിനായി നൽകുന്നു. (കവറിങ് ലെറ്റർ സഹിതം)
4 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരള - ന അറിവിനായി നൽകുന്നു.
5 ചീഫ് വൈൽഡ് ലൈഫ് വാർഡൻ, കേരളക്ക് അറിവിനായി നൽകുന്നു.
6 എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവിനായി നൽകുന്നു.
7 ഫീൽഡ് ഡയറക്ടർ, പ്രൊജക്റ്റ് ടൈഗർ, കോട്ടയം - അറിവിനും തുടർനടപടിക്കുമായി നൽകുന്നു.
8 എല്ലാ സർക്കിൾ കൺസർവേറ്റർമാർക്കും അറിവിനും തുടർനടപടിക്കുമായി നൽകുന്നു.
9 എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും വർക്കിംഗ് പ്ലാൻ ഓഫീസർമാർക്കും അറിവിനും തുടർനടപടിക്കുമായി നൽകുന്നു.
10 സ്റ്റോക്ക് ഫയൽ

അനുബന്ധം - 1

## ശബരിമല ഡ്യൂട്ടി -2025-2026

(ഉത്തരവ് നമ്പർ KFDHQ/9598/2025-ADMIN/D2, തീയതി 10-11-2025)

| സേവന കാലം | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | ബീറ്റ് ഫോറസ്റ്റ് ഓഫീസർ |
|---|---|---|---|---|---|
| | | പമ്പ | സന്നിധാനം | | |
| 15-11-2025 മുതൽ 20-11-2025 | സുഭാഷ് കെ ബി, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി, കോട്ടയം | രാജേഷ് സി. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ വർക്കിംഗ് പ്ലാൻ അച്ചൻകോവിൽ | സുധീർ സി. കെ. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ കുളത്തൂപ്പുഴ സെൻട്രൽ നഴ്സറി | ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ നിന്നും 2 പേർ | |
| 21-11-2025 മുതൽ 27-11-2025 | ഹാബി സി കെ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിംബർ സെയിൽസ് ഡിവിഷൻ, പുനലൂർ | സന്തോഷ് കമാർ ജി., റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സോഷ്യൽ ഫോറസ്ട്രി റെയിഞ്ച്, ആറ്റിങ്ങൽ | ശ്രീ. രതീഷ് ടി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (FIC) തിരുവനന്തപുരം | പുനലൂർ ഡിവിഷനിൽ നിന്നും 2 പേർ | |
| 28-11-2025 മുതൽ 04-12-2025 | സൂരജ് എം. എസ്. അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ റാന്നി ഡിവിഷൻ | പ്രകാശ് എൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ & ഇൻസ്ട്രക്ടർ, SFTI, അരിപ്പ | ജയൻ കെ. എസ്., റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ വർക്കിംഗ് പ്ലാൻ ഓഫീസ് അച്ചൻകോവിൽ | അച്ചൻകോവിൽ ഡിവിഷനിൽ നിന്നും 2 പേർ | |
| 05-12-2025 മുതൽ 11-12-2025 | സോളമൻ തോമസ് ജോർജ്, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) വനം ആസ്ഥാനം, തിരുവനന്തപുരം | മനു എം. എസ്. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഫ്ലൈയിങ് സ്ക്വാഡ് കോതമംഗലം | അരവിന്ദ് ബാലകൃഷ്ണൻ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സോഷ്യൽ ഫോറസ്ട്രി നെയ്യാറ്റിൻകര | കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ നിന്നും 2 പേർ | സൗത്ത് വയനാട് ഡിവിഷൻ - 1 പേർ<br>നോർത്ത് വയനാട് ഡിവിഷൻ - 1 പേർ |
| 12-12-2025 മുതൽ 18-12-2025 | ആദർശ് എം. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) വനം ആസ്ഥാനം, തിരുവനന്തപുരം | രാജേഷ് എസ്. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, വർക്കിംഗ് പ്ലാൻ റെയിഞ്ച്-I പുനലൂർ | ഷില്ല എൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഫ്ലൈയിങ് സ്ക്വാഡ് റെയിഞ്ച്, റാന്നി | കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ നിന്നും 2 പേർ | പാലക്കാട് ഡിവിഷൻ - 2 പേർ<br>തൃശ്ശൂർ ഡിവിഷൻ - 2 പേർ<br>നിലമ്പൂർ നോർത്ത് |

| | | | | | |
|---|---|---|---|---|---|
| 19-12-2025 മുതൽ 25-12-2025 | നിബു കിരൺ സി.ഒ.<br>TA, O/o സി.സി.എഫ് സെൻട്രൽ സർക്കിൾ തൃശ്ശൂർ | സജീഷ് വി. എസ്. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ലയിസൺ ഓഫീസ് എറണാകുളം | അജിത് എസ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, FMIS, വനം ആസ്ഥാനം, തിരുവനന്തപുരം | ആലപ്പുഴ സോഷ്യൽ ഫോറസ്റ്റി ഡിവിഷനിൽ നിന്നും 2 പേർ | ഡിവിഷൻ - 2 പേർ<br>നിലമ്പൂർ സൗത്ത് ഡിവിഷൻ - 2 പേർ<br>കോതമംഗലം ഡിവിഷൻ - 2 പേർ |
| 26-12-2025 മുതൽ 01-01-2026 | രാഹുൽ ബി.<br>അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ സോഷ്യൽ ഫോറസ്റ്റി പത്തനംതിട്ട | സഞ്ജീവ് കുമാർ ആർ.<br>റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ<br>കോതമംഗലം റെയിഞ്ച് | രാജശേഖരൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ<br>SFIT വാളയാർ | പത്തനംതിട്ട സോഷ്യൽ ഫോറസ്റ്റി ഡിവിഷനിൽ നിന്നും 2 പേർ | മലയാറ്റൂർ ഡിവിഷൻ - 2 പേർ<br>ഇടുക്കി വൈൽഡ്‌ലൈഫ് ഡിവിഷൻ - 2 പേർ |
| 02-01-2026 മുതൽ 08-01-2026 | ജയചന്ദ്രൻ നായർ ബി, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ & TA to CCF(HRC), കോട്ടയം | അനൂപ് സ്റ്റീഫൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സോഷ്യൽ ഫോറെസ്റ്റി എറണാകുളം | രാമചന്ദ്രൻ എ കെ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, പുനലൂർ സോഷ്യൽ ഫോറസ്റ്റി റെയിഞ്ച് | കോട്ടയം ഡിവിഷനിൽ നിന്നും 2 പേർ | |
| 09-01-2026 മുതൽ 15-01-2026 | വിനോദ് കുമാർ എം ജി, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ലൈയിങ് സ്ക്വാഡ് ഡിവിഷൻ, ഇടുക്കി | രാജേഷ് പി കെ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സോഷ്യൽ ഫോറസ്റ്റി റെയിഞ്ച്, ആലപ്പുഴ | വിഷ്ണു രാജ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ<br>മലപ്പുറം സോഷ്യൽ ഫോറെസ്റ്റി റെയിഞ്ച് | തെന്മല ഡിവിഷനിൽ നിന്നും 2 പേർ | |
| 16-01-2026 മുതൽ 22-01-2026 | സുർജിത്ത് എം. കെ.<br>അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ<br>FRSC തൃശ്ശൂർ | അജിത് കുമാർ ആർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, വർക്കിംഗ് പ്ലാൻ, കൊല്ലം | പ്രകാശ് എൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ & ഇൻസ്ട്രക്ടർ, SFTI, അരിപ്പ | കോട്ടയം സോഷ്യൽ ഫോറസ്റ്റി ഡിവിഷനിൽ നിന്നും 2 പേർ | |

Signed by
Pramod G Krishnan
Date: 10-11-2025 11:41:59

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)